**No. CEE/4900/2015/KEAM-2016/TA1**

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

## 2016–ലെ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോഴ്സുകളിൽ ഒഴിവുവന്ന സീറ്റുകളിലേയ്ക്കുള്ള ഓൺലൈൻ പ്രവേശനം

## അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

2016–ലെ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോഴ്സുകളിൽ സർക്കാർ/എയ്ഡഡ്/സർക്കാർ നിയന്ത്രിത സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ ഒഴിവുവന്ന സീറ്റുകളിലേയ്ക്കുള്ള ഓൺലൈൻ അലോട്ട്മെന്റ് www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.

അലോട്ട്മെന്റ് സംബന്ധിച്ച വിവരങ്ങൾ വിദ്യാർത്ഥികളുടെ ഹോം പേജിൽ ലഭ്യമാണ്. ഹോം പേജിൽ നിന്ന് വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് നിർബന്ധമായും എടുക്കേണ്ടതാണ്. വിദ്യാർത്ഥിയുടെ പേര്, റോൾ നമ്പർ, അലോട്ട്മെന്റ് ലഭിച്ച കോഴ്സ്, കോളേജ്, അലോട്ട്മെന്റ് ലഭിച്ച കാറ്റഗറി, ഫീസ് സംബന്ധമായ വിവരങ്ങൾ എന്നിവ വിദ്യാർത്ഥിയുടെ അലോട്ടുമെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ഈ ഘട്ടത്തിൽ പുതുതായി അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ കാണിച്ചിട്ടുള്ളതും, പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടക്കേണ്ടതുമായ ഫീസ് **2016 ആഗസ്റ്റ് 01** മുതൽ **2016 ആഗസ്റ്റ് 05** വരെ തീയതികളിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ (SBT) തിരഞ്ഞെടുത്ത ശാഖകളിൽ, ഓൺലൈനായോ ഒടുക്കിയശേഷം **05.08.2016 വൈകുന്നേരം 5 മണിയ്ക്ക്** മുൻപായി അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്. തിരഞ്ഞെടുത്ത എസ്.ബി.റ്റി. ശാഖകളുടെ ലിസ്റ്റ് വെബ്സൈറ്റിൽ ലഭ്യമാണ്.

മുൻ ഘട്ടത്തിൽ ലഭിച്ച അലോട്ട്മെന്റിൽ നിന്നും വ്യത്യസ്തമായ അലോട്ട്മെന്റ് ഈ ഘട്ടത്തിൽ ലഭിച്ചവർ അധിക തുക പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടയ്ക്കേണ്ടതുണ്ടെങ്കിൽ അത് **2016 ആഗസ്റ്റ് 01** മുതൽ **2016 ആഗസ്റ്റ് 05** വരെ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ (SBT) തിരഞ്ഞെടുത്ത ശാഖകളിൽ, ഓൺലൈനായോ ഒടുക്കിയശേഷം **05.08.2016 വൈകുന്നേരം 5 മണിയ്ക്ക്** മുൻപായി അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്.

| | |
|---|---|
| ഫീസ്/അധിക തുക അടയ്ക്കേണ്ടത് | **05.08.2016 നോ, അതിനുമുൻപായോ** |
| കോളേജിൽ പ്രവേശനം നേടേണ്ടത് | **05.08.2016 നോ, അതിനുമുൻപായോ** |
| പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ കോളേജ് അധികാരികൾ അംഗീകരിച്ച് പ്രവേന പരീക്ഷാ കമ്മീഷണർക്ക് OAMS മുഖേന സമർപ്പിക്കേണ്ടത് | **05.08.2016 വൈകുന്നേരം 5.30 ന് മുൻപ്** |

05.08.2016 ന് വൈകുന്നേരം 5 മണിയ്ക്ക് ശേഷം ഏതെങ്കിലും സീറ്റുകൾ സർക്കാർ/എയ്ഡഡ്/സർക്കാർ നിയന്ത്രിത സ്വാശ്രയ/യൂണിവേഴ്സിറ്റി നിയന്ത്രിത സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ ഒഴിവുള്ള പക്ഷം അവ കോളേജ് അധികാരികൾ 15.08.2016–നോ അതിനു മുൻപായോ സ്പോട്ട് അഡ്മിഷൻ വഴി നികത്തുന്നതാണ്. പ്രോസ്പെക്ടസ് ക്ലോസ് 11.6.9 ലെ വ്യവസ്ഥകൾക്ക് വിധേയമായി പത്ര–ദൃശ്യ മാധ്യമങ്ങളിലൂടെ പരസ്യപ്പെടുത്തിയ ശേഷം 15.08.2016 ന് മുൻപായി സ്പോട്ട് അഡ്മിഷൻ വഴി ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിന് എല്ലാ കോളേജ് അധികാരികളെയും ഇതിനാൽ ചുമതലപ്പെടുത്തിക്കൊള്ളുന്നു.

കൂടുതൽ വിവരങ്ങൾക്ക് ഹെൽപ്പ് ലൈൻ നമ്പരുകളായ **0471 2339101, 2339102, 2339103, 2339104** എന്നീ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
30.07.2016